കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാന നിർമ്മാണം WP(C) 8869/12 – വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:2484/2012/തസ്വഭവ    തിരുവനന്തപുരം, തീയതി: 25/8/2012**

---

**പരാമർശം:- 1. എറണാകുളം ജില്ലാകളക്ടറുടെ 25/10/11-ലെ ഡി.ഡിസ്/69797/09/എം.5 നമ്പർ നടപടി ക്രമം.**

**2. ശ്രീ.ഇ.എൻ.ഗോപിനാഥൻ സർക്കാരിന് സമർപ്പിച്ച 20/02/122-ലെ അപ്പീൽ പെറ്റീഷൻ.**

**3. ബഹു.ഹൈക്കോടതിയിലെ WP(C) 8869/12 -ലെ 11/4/12-ലെ വിധിന്യായം**

**<u>ഉത്തരവ്</u>**

കണയന്നൂർ വില്ലേജിൽ സർവ്വേ നം. 37/5-ൽ പ്പെട്ട 0.049 ആർ സ്ഥലത്ത് ശ്മശാനം സ്ഥാപിക്കുന്നതിന് ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് എറണാകുളം ജില്ലാകളക്ടർ പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. ഇതിനെതിരായി ചോറ്റാനിക്കര ഇടച്ചേരി വീട്ടിൽ ശ്രീ. ഇ.എൻ. ഗോപിനാഥൻ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. ജില്ലാകളക്ടറുടെ ഉത്തരവിനെതിരെ ശ്രീ.ഗോപിനാഥൻ ബഹു.ഹൈക്കോടതിയിൽ WP(C) No.8869/12 ആയി ഹർജി ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതിയുടെ 11/4/2012-ലെ വിധിയിൽ ശ്മശാനം സ്ഥാപിക്കുന്നതിനെതിരെ ശ്രീ.ഗോപിനാഥൻ 20/2/12-ന് സർക്കാരിന് സമർപ്പിച്ച ഹർജിയിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നേർകാഴ്ചയ്ക്ക് (Hearing) അവസരം നൽകി, വിധിന്യായം ലഭ്യമായി ഒരു മാസത്തിനകം തീർപ്പു കൽപ്പിക്കണമെന്ന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3 അതിൻപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ബന്ധപ്പെട്ട കക്ഷികളെ 16/8/2012-ൽ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗിൽ ജില്ലാകളക്ടറുടെ പ്രതിനിധി കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ഷിബു.പി.പോൾ. ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എം.എ.ജോൺ, സെക്രട്ടറി ശ്രീമതി. കെ.ടി രത്നാഭായി, ഹർജിക്കാരൻ ശ്രീ.ഇ.എൻ.ഗോപിനാഥൻ, ഹർജിക്കാരന്റെ സഹായി ശ്രീ.ഷാജി എം.ഇ എന്നിവർ പങ്കെടുത്തു.

4 ഹർജിക്കാരനായ ശ്രീ.ഗോപിനാഥൻ താഴെചേർത്ത പ്രകാരം ബോധിപ്പിച്ചു.

(i) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8/2/2006-ലെ യോഗതീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് വാർഡ് 5-ലെ ശ്രീ.അനേഷ് കെ.ബി എന്നയാളുടെ ഉടമസ്ഥതയിലുള്ള കണയന്നൂർ വില്ലേജിലെ സർവ്വേ നം.307/3-ലെ 5.98 ആർ സ്ഥലം അക്വയർ ചെയ്യാൻ തീരുമാനിച്ചിരുന്നു.

ജനവാസം കുറഞ്ഞതും ടാർറോഡിനോട് ചേർന്നതുമായ ടി സ്ഥലം വാങ്ങാൻ ഐക കണ്ഠേന തീരുമാനിച്ചു എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിരുന്നു.

(ii) എന്നാൽ പിന്നീട് 8/3/2006-ലെ ബോർഡ് തീരുമാനപ്രകാരം ആദ്യബോർഡ് തീരുമാനം റദ്ദാക്കുകയും കണയന്നൂർ വില്ലേജിലെ സർവ്വേ നം. 37/3-ലെ 4.05 ആർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ടി സ്ഥലം ജനവാസകേന്ദ്രമാണെന്നും സ്ഥല ത്തേയ്ക്ക് പൊതുവഴിയില്ലെന്നും, പഞ്ചായത്ത് കമ്മിറ്റിയിലെ റിയൽ എസ്റ്റേറ്റ് താൽപര്യക്കാരുടെ സമ്മർദ്ദം മൂലമാണ് ആദ്യ തീരുമാനം റദ്ദാക്കി സർവ്വേ നം. 37/3-ലെ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചത്. 8/2/2006-ലെ തീരുമാനം റദ്ദാക്കാൻ മതിയായ കാരണമുണ്ടായിരുന്നില്ല. മാത്രമല്ല ആദ്യ തീരുമാനത്തിലെ സ്ഥലം ഏറ്റെടുക്കുന്നതിനെതിരെ ആരും എതിർപ്പ് പ്രകടിപ്പി ച്ചിരുന്നില്ല.

(iii) ശ്മശാനത്തിനായി ഏറ്റെടുത്ത നിർദ്ദിഷ്ട സ്ഥലം ജനവാസകേന്ദ്രമാണ്. കുടിവെള്ള ക്ഷാമമുള്ള സ്ഥലമാണ്. കുടിവെള്ള കിണറുകൾ മലിനമാകുകയും അന്തരീക്ഷ മലിനീകരണ മുണ്ടാക്കുകയും ചെയ്യും. ഇതുമൂലമുണ്ടായേക്കാവുന്ന ആരോഗ്യ പ്രശ്നങ്ങളും അന്തരീക്ഷ മലിനീകരണ പ്രശ്നവും കണക്കിലെടുക്കാതെയാണ് ശ്മശാനത്തിന് അനുമതി നൽകിയത്.

(iv) ടി സ്ഥലത്ത് ശ്മശാന നിർമ്മാണത്തിൽ പരിസരവാസികൾക്കുള്ള എതിർപ്പും തൽഫല മായി ഉണ്ടാകാനിടയുള്ള ക്രമസമാധാന പ്രശ്നങ്ങളും സംബന്ധിച്ച് എറണാകുളം ജില്ലാ പോലീസ് സൂപ്രണ്ട്(റൂറൽ) റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ ആദ്യം ശ്മശാനത്തിന് അനുമതി നിരസിച്ചത് . ഈ സാഹചര്യങ്ങളിൽ മാറ്റമുണ്ടായിട്ടി ല്ല. ഇവിടെ ശ്മശാനം സ്ഥാപിക്കുന്നത് പരിസരവാസികൾ ശക്തമായി എതിർക്കും. ഇത് ഗുരുതരമായ ഭവിഷ്യത്തുണ്ടാക്കും.

(v) കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട ചട്ടപ്രകാരം ശ്മശാനത്തിന് അനുമതി നൽകും മുൻപ് ഇത് സംബന്ധിച്ച് ജനങ്ങളുടെ അറിവിലേയ്ക്കായി നല്ല പ്രചാരമുള്ള വർത്തമാന പത്രത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആക്ഷേപമുള്ളവർക്ക് അത് ബോധിപ്പിക്കാൻ സമയം അനുവദിക്കേണ്ടതുമായിരുന്നു. ഈ നടപടിക്രമം പാലിക്കപ്പെട്ടിട്ടില്ല.

5. പട്ടികജാതി കോളനിയിൽ ശവം മറവുചെയ്യാൻ സ്ഥലമില്ലെന്നും ഗ്രാമപഞ്ചായത്ത് അക്വയർ ചെയ്ത കണയന്നൂർ വില്ലേജ് സർവ്വേ നം.37/5-ലെ നിർദ്ദിഷ്ട ശ്മശാനത്തിനു വേണ്ടി യുള്ള സ്ഥലത്തിന് 100 മീറ്റർ പരിധിയിൽ താമസക്കാരുള്ള വീടുകളില്ലെന്നും വിസ്തൃതമായ റബ്ബർ തോട്ടത്തിലാണ് ടി സ്ഥലമെന്നും പഞ്ചായത്ത് ആദ്യം ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്ന സ്ഥലത്തിനടുത്തായി സ്കൂൾ പ്രവർത്തിക്കുന്നതിനാലാണ് ആദ്യ തീരുമാനം റദ്ദാക്കി സർവ്വേ നം. 37/5-ലെ കൂടുതൽ അനുയോജ്യമായ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചതെന്നും ഗ്രാമപ ഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും അറിയിച്ചു. നിർദ്ദിഷ്ട ശ്മശാനത്തിൽ ശവം മറവു ചെയ്യില്ലെന്നും അതിനാൽ ജലമലിനീകരണത്തിന് സാധ്യതയില്ലെന്നും ഗ്യാസ് ഉപയോഗിച്ച് (ദഹിപ്പിക്കുന്നതിന്) പ്രവർത്തിക്കുന്ന ശ്മശാനമായതിനാലും ദഹിപ്പിക്കുമ്പോഴുണ്ടാകുന്ന പുക രണ്ട് വാട്ടർ ടാങ്കുകൾ വഴി കടത്തിവിട്ട് 30 മീറ്റർ ഉയരത്തിലൂടെ പുകക്കുഴലിലൂടെ പുറ ത്തേയ്ക്ക് വിടാനാണ് പദ്ധതിയെന്നും അതുവഴി അന്തരീക്ഷമലിനീകരണത്തിനുള്ള സാധ്യത ഇല്ലാതാകുമെന്നും കൂടി അറിയിച്ചു. ശ്മശാനം സ്ഥാപിച്ചാൽ പ്രദേശത്ത് സംഘർഷ സാധ്യത യില്ലെന്നും ചുരുക്കം ചിലർ മാത്രമാണ് പദ്ധതിയെ എതിർക്കുന്നതെന്നും, ആവശ്യമായ ഓപ്പൺ സ്പെയിസ് ലഭിക്കുന്നതിനായി സർവ്വേ നം. 37/3-ലെ 8.796 സെന്റ് സ്ഥലം കൂടി വാങ്ങിയിട്ടുണ്ടെന്നും ഇതിനകം സ്ഥലം വാങ്ങുന്നതിനായി 23 ലക്ഷം രൂപ ചെലവഴി ച്ചുവെന്നും കൊച്ചിൻ റിഫൈനറീസ് ശ്മശാന നിർമ്മാണത്തിന് 28 ലക്ഷം രൂപ അനുവദിച്ചി

ട്ടുണ്ടെന്നും വിവിധ സാമുദായിക സംഘടനകൾ ശ്മശാനം നിർമ്മിക്കാൻ ആവശ്യമുന്നയിച്ചി ട്ടുണ്ടെന്നും ആയതിനാൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതല നിർവ്വഹിക്കാനായി ശ്മശാന നിർമ്മാണത്തിന് സർക്കാരിൽ നിന്ന് അനുകൂല തീരുമാനമുണ്ടാകണമെന്നും ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചു. ഇതിന് ഉപോൽബലകങ്ങളായ രേഖകളും അവർ ഹാജരാക്കി.

6. ജില്ലാകളക്ടറുടെ പ്രതിനിധി കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ഷിബു പോൾ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും അഭിപ്രായത്തോട് യോജിക്കുകയും ഹിന്ദു സംഘടനകളുടെ അഭിപ്രായം ആരായുകയും ശ്മശാനത്തിന് അനുകൂല അഭിപ്രായം ലഭിക്കുകയും പൊതുസ്വീകാര്യതയും പരിഗണിച്ചു കൊണ്ടാണ് ശ്മശാനത്തിന് അനുമതി നൽകിയതെന്നും അറിയിച്ചു. പരാതിക്കാരൻ ആവശ്യപ്പെട്ട പോലെ ശ്മശാനം നിർമ്മിക്കാൻ ഗ്രാമപഞ്ചായത്ത് പരിധിയിൽ പുറമ്പോക്ക് ഭൂമി ലഭ്യമല്ലെന്നും കൂടി അറിയിച്ചു.

7. നേർക്കാഴ്ചയിൽ കക്ഷികൾ ഉന്നയിച്ച വാദം കേട്ടതിലും ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിലും.

(i) നിർദ്ദിഷ്ട ശ്മശാനത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഏതാണ്ട് 70 മീറ്റർ ചുറ്റളവിൽ വീടുകളോ കുടിവെള്ള സ്രോതസ്സുകളോ ഇല്ലെന്ന് കണയന്നൂർ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം നേർക്കാഴ്ചയിൽ പരാതിക്കാരനും സമ്മതിക്കുകയുണ്ടായി. അതായത് 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ ചട്ടം 5 (1) പ്രകാരമുള്ള ദൂര പരിധിയിൽ (50 മീറ്റർ) ജനവാസഗൃഹങ്ങളില്ല. ആയതിനാൽ ടി സ്ഥലം ജനവാസ കേന്ദ്രത്തിലാണെന്ന പരാതിക്കാരുടെ വാദം ശരിയല്ല.

(ii) പൊതുജനാരോഗ്യ വീക്ഷണത്തിൽ ശ്മശാനം നിർദ്ദിഷ്ട സ്ഥലത്ത് ആരംഭിക്കുന്നത് കൊണ്ട് പൊതുജനാരോഗ്യ അപകടങ്ങൾക്ക് സാധ്യതയില്ലെന്ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്യുകയും, 'ശ്മശാനം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലവും പരിസരവും ബോർഡ് ഉദ്യോഗസ്ഥൻ പരിശോധിക്കുകയുമുണ്ടായി. ജനവാസം തുലോം കുറവായതിനാൽ ടി സ്ഥലം ശ്മശാനം സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് കാണുന്നു' എന്ന് മലിനീകരണ നിയന്ത്രണ ബോർഡും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് അറിയിച്ച പ്രകാരം വാട്ടർ ട്രീറ്റ്മെന്റ് സംവിധാനമുള്ള, ഗ്യാസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശ്മശാനം സ്ഥ പിച്ചാൽ ഗുരുതരമായ അന്തരീക്ഷ മലിനീകരണം ഉണ്ടാകാനിടയില്ല.

(iii) ശ്മശാനം സ്ഥാപിച്ചാൽ പരിസരവാസികളുടെ എതിർപ്പുമൂലം ക്രമസമാധാന പ്രശ്നം സംജാതമാകുമോ എന്ന കാര്യം വീണ്ടും പരിശോധിക്കേണ്ടതുണ്ട്.

(iv) 'ശവപ്പറമ്പും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക' ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ .ചുമതലയിൽപ്പെട്ട കാര്യമാണ് (3-ാം പട്ടിക അനിവാര്യചുമതല ഇനം 8) 'ശ്മശാന നിർമ്മാണം ക്രമസമാധാന പ്രശ്നം സൃഷ്ടിക്കാനിടയുണ്ട്' എന്ന കാര്യം ഒഴിച്ചാൽ ശ്മശാന നിർമ്മാണത്തിനെതിരെയുള്ള വാദഗതികൾ ദുർബ്ബലമാണെന്ന് കാണുന്നു.

8. ഈ സാഹചര്യത്തിൽ ശ്മശാനം സ്ഥാപിച്ചാൽ പ്രദേശത്ത് ക്രമസമാധാന പ്രശ്നം ഉണ്ടാകാനിടയുണ്ടോയെന്ന കാര്യം വിശദമായി പരിശോധിച്ച് യുക്തമായ അന്വേഷണം നടത്തി ( ആവശ്യമെങ്കിൽ നിർദ്ദിഷ്ട ശ്മശാന സ്ഥലം നേരിൽ സന്ദർശിച്ച്) 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ ചട്ടം 6-ലെ ബന്ധപ്പെട്ട ഉപചട്ടങ്ങൾ പ്രകാരം തീരുമാനമെടുക്കാൻ ടി ചട്ടങ്ങളിലെ ചട്ടം 6 (11) പ്രകാരം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (3)-ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായ

പ്രകാരം ശ്രീ.ഇ.ൻ.ഗോപിനാഥൻ സർക്കാരിന് മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജി ഇപ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.കൃഷ്ണൻ
ഗവ.അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ഉപരിപത്രം സഹിതം)
2. ജില്ലാകളക്ടർ, എറണാകുളം
3. ശ്രീ.ഇ.എൻ.ഗോപിനാഥൻ, ഇടച്ചേരിൽ വീട്, ചോറ്റാനിക്കര പി.ഒ
   എറണാകുളം
4. സെക്രട്ടറി, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്, എറണാകുളം
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.